## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5632** **08-07-2024 - ൽ മറുപടിയ്ക്ക്**

## പോലീസ് വകുപ്പിലെ സ്പെഷ്യൽ ഡിസെബിലിറ്റി ലീവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഡ്യൂട്ടിയ്ക്കിടയിൽ സംഭവിച്ച അപകടങ്ങൾക്കും ഡ്യൂട്ടി കഴിഞ്ഞ് വാസസ്ഥലത്തേക്ക് മടങ്ങുമ്പോഴും ഡ്യൂട്ടിക്കായി ജോലിസ്ഥലത്തേക്ക് വരുമ്പോഴും ഉണ്ടായ അപകടങ്ങൾക്കും സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിച്ച് നൽകാറുണ്ടോ; വിശദമാക്കാമോ; | (എ) | ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ യാദൃശ്ചികമായി സംഭവിക്കുന്ന അപകടങ്ങൾ മൂലമുണ്ടാകുന്ന അവശതയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും(കെഎസ്ആർ ഭാഗം 1 ചട്ടം 117 പ്രകാരം)ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ച് മേലധികാരി നൽകുന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ പരമാവധി 119 ദിവസത്തേക്ക് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് വരുന്നുണ്ട്.ഒരു ജീവനക്കാരൻ/ജീവനക്കാരി ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലേർപ്പെട്ടിരിക്കവേ സംഭവിക്കുന്ന അപകടങ്ങൾക്ക് മാത്രമാണ് പ്രധാനമായും സ്പെഷ്യൽ ഡിസ്എബിലിറ്റി ലീവ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ബി) | ഡ്യൂട്ടി കഴിഞ്ഞ് വാസസ്ഥലത്തേക്ക് മടങ്ങുമ്പോഴും ഡ്യൂട്ടിക്കായി ജോലിസ്ഥലത്തേക്ക് വരുമ്പോഴും ഉണ്ടായ അപകടങ്ങൾക്കും സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിച്ച് നൽകുന്ന വ്യവസ്ഥ നിലവിലില്ലെങ്കിൽ ആയത് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (ബി) | ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ യാദൃശ്ചികമായി സംഭവിക്കുന്ന അപകടങ്ങൾ മൂലമുണ്ടാകുന്ന അവശതയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും(കെഎസ്ആർ ഭാഗം 1 ചട്ടം 117 പ്രകാരം)ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ച് മേലധികാരി നൽകുന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ പരമാവധി 119 ദിവസത്തേക്ക് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് വരുന്നുണ്ട്.ഒരു ജീവനക്കാരൻ/ജീവനക്കാരി ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലേർപ്പെട്ടിരിക്കവേ സംഭവിക്കുന്ന അപകടങ്ങൾക്ക് മാത്രമാണ് പ്രധാനമായും സ്പെഷ്യൽ ഡിസ്എബിലിറ്റി ലീവ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ